**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 1. പക്ഷിപ്പനി ബാധ ഉണ്ടായ സർക്കാർ ഫാമുകളിലെയും സ്വകാര്യ ഫാമുകളിലെയും മുഴുവൻ വളർത്തുപക്ഷികളെയും 'ദയാവധം' നടത്തി, രോഗം പടരുന്നതിനുള്ള സാഹചര്യം ഒഴിവാക്കിയിട്ടുണ്ട്. ഇതിനുപുറമെ ദേശീയ കർമ്മപദ്ധതി അനുസരിച്ച് ഫാമിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ വളർത്തു പക്ഷികളെയും കൊന്നൊടുക്കി രോഗവ്യാപനം നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്.<br><br>2. പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി 'ദയാവധം' ചെയ്ത മുഴുവൻ വളർത്തു പക്ഷികൾക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>3. കുട്ടനാടിലെ പാടങ്ങളിൽ താറാവുകളെ തുറന്നുവിട്ടു വളർത്തുന്ന രീതിയും ദേശാടന പക്ഷികളുടെ സാന്നിധ്യവും പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല ഉന്നത ഉദ്യോഗസ്ഥ യോഗം ചേർന്ന് രോഗ നിയന്ത്രണ നടപടികൾക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>4. ദേശാടനപ്പക്ഷികൾ എത്തുന്ന ഒക്ടോബർ മുതൽ ജനുവരി വരെയുള്ള കാലഘട്ടങ്ങളിൽ കുട്ടനാട് ഭാഗത്തെ താറാവ്, കോഴി വളർത്തലിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രോഗം ബാധിക്കുന്ന വളർത്തുപക്ഷികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള ശാസ്ത്രീയ മാർഗമായിട്ടാണ് ഇങ്ങനെ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുന്നത്.<br><br>5. ഈ കാലയളവിൽ ജില്ലയ്ക്ക് പുറത്തുനിന്നും കൂടുതൽ വളർത്തു പക്ഷികളെ അകത്തേക്ക് കൊണ്ടുവരുന്നതിന് വിലക്കുണ്ട്. ഇതു മൂലം ഉണ്ടാകാവുന്ന സ്ഥിതിവിശേഷം പരിഗണിച്ച് |

| | | | |
|---|---|---|---|
| | | | കോഴിയിറച്ചിയുടെയും കോഴി ഉൽപ്പന്നങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>6. സംസ്കരിച്ച കോഴിയിറച്ചിയും ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിനായി കൂത്താട്ടുകുളം MPI, തിരുവനന്തപുരം KEPCO, കുടുംബശ്രീ എന്നീ പൊതുമേഖല സ്ഥാപനങ്ങളുടെ സേവനം ഈ പ്രദേശങ്ങളിൽ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>7. തിരുവനന്തപുരത്ത് പാലോട്ടുള്ള SIAD (State Institute of Animal Diseases) ലാബിലെ വിദഗ്ധരുടെ നേതൃത്വത്തിൽ സർക്കാർ സ്വകാര്യ ഫാമുകളുടെ ജൈവസുരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തീകരിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി അത് ജില്ലാതലത്തിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>8. സർക്കാർ ഫാമുകളുടെ ജൈവസുരക്ഷ പ്രാദേശിക ലബോറട്ടറി ഉദ്യോഗസ്ഥർ പരിശോധിച്ച്, ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ഉള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.<br><br>9. തദ്ദേശീയമായി ലഭിക്കുന്ന മീൻ അവശിഷ്ടങ്ങളും ചെലവ് കുറഞ്ഞ തീറ്റ ഘടകങ്ങളും ചേർത്ത് തീറ്റ നിർമ്മിച്ച്, താറാവുകളെ അടച്ചിട്ട് വളർത്തുന്ന രീതി കുട്ടനാട് ഭാഗത്ത് പ്രചാരത്തിൽ ആക്കുന്നതിനായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>10. കുട്ടനാട് ഭാഗത്തെ കർഷകർക്ക് വീണ്ടും ഈ കൃഷിരീതി ആരംഭിക്കുന്നതിനായി ഉൽപാദന ഉപാധികളെ ലഭ്യമാക്കുവാൻ നിലവിൽ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന നിരണം താറാവ് വളർത്തൽ കേന്ദ്രത്തിലെയും ചെങ്ങന്നൂർ, മണർകാട് കോഴി ഫാമുകളിലും എത്രയും വേഗം പുതിയ ബാച്ച് കോഴി വളർത്തൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പക്ഷിപ്പനി മൂലം താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ കേസുകളിൽ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പക്ഷിപ്പനി മൂലം താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ കേസുകളിൽ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ